എൽ.ബി.എസ് ജീവനക്കാരുടെ ശമ്പള പരിഷ്കരണത്തിലെ അനോമലി

99 (5174) ശ്രീ. ജെയിംസ് മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എൽ.ബി.എസ്.-ലെ ജീവനക്കാരുടെ ഒമ്പതാം ശമ്പള പരിഷ്കരണത്തിലെ അനോമലി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ പത്താം ശമ്പളപരിഷ്കരണത്തിന്റെ മുൻപായി ഒമ്പതാം ശമ്പളപരിഷ്കരണത്തിലെ അപാകതകൾ പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ ;

(സി) കേരള സർക്കാരിന്റെ 7, 8 ശമ്പളപരിഷ്കരണം എൽ.ബി.എസ്.-ൽ നടപ്പിൽ വരുത്തിയപ്പോൾ എൽ.ബി.എസ്. എഞ്ചിനീയറിംഗ് കോളേജിലെ സാങ്കേതിക വിഭാഗം ജീവനക്കാർക്ക് സാങ്കേതിക വിദ്യാഭ്യാസ വകുപ്പിലെ സാങ്കേതിക വിദ്യാഭ്യാസ ജീവനക്കാർക്ക് നടപ്പിലാക്കിയ ശമ്പള സ്കെയിലാണോ നൽകിയിട്ടുള്ളതെന്ന് പറയാമോ ; മിനിസ്റ്റീരിയൽ ജീവനക്കാർക്ക് നൽകിയ അടിസ്ഥാന ശമ്പളം കെ.എസ്.ആർ. പ്രകാരമാണോയെന്ന് വ്യക്തമാക്കാമോ ;

(ഡി) എൽ.ബി.എസ്. എഞ്ചിനീയറിംഗ് കോളേജുകളിലെ ജീവനക്കാർക്ക് വേണ്ടി സ്പെഷ്യൽ റൂൾസ് നടപ്പിൽ വരുത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ ; ഇല്ലെങ്കിൽ നിലവിൽ ഏത് റൂൾ ആണ് ബാധകമായിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) എൽ.ബി.എസ് സെന്റർ ജീവനക്കാർക്ക് 9-ാം ശമ്പള പരിഷ്കരണ ഉത്തരവിലെ (G.O(M.S)100/14/H.Edn. dtd.28/02/2014) അപാകതകൾ/ അനോമലികൾ പരിഹരിക്കുന്നതിന്റെ ഭാഗമായി ഇതു സംബന്ധിച്ച വിശദമായ റിപ്പോർട്ട് എൽ.ബി.എസ് ഡയറക്ടറിൽനിന്നും വാങ്ങിയിട്ടുണ്ട്. തുടർന്ന് എൽ.ബി.എസ്. ജീവനക്കാരുടെ 9-ാം ശമ്പള പരിഷ്കരണത്തിലെ അനോമലികളും സ്റ്റാഫ് പാറ്റേൺ അനോമലികളും വെവ്വേറെ സർക്കാരിൽ സമർപ്പിക്കുന്നതിന് എൽ.ബി.എസ്. ഡയറക്ടർക്ക് നിർദ്ദേശം നല്കിയിട്ടുണ്ട്. ആയത് എൽ.ബി.എസ്-ൽ തയ്യാറാക്കി വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(സി) കേരള സർക്കാരിന്റെ 7, 8 ശമ്പള പരിഷ്കരണം എൽ.ബി.എസ്-ൽ നടപ്പിലാക്കിയപ്പോൾ എൽ.ബി.എസ്. എഞ്ചിനീയറിംഗ് കോളേജിലെ സാങ്കേതിക വിഭാഗം ജീവനക്കാർക്ക് സാങ്കേതിക വിദ്യാഭ്യാസ വകുപ്പിലെ സാങ്കേതിക വിഭാഗം ജീവനക്കാർക്ക് നടപ്പിലാക്കിയ ശമ്പള സ്കെയിൽ നൽകിയിട്ടുള്ളതായി എൽ.ബി.എസ്. ഡയറക്ടർ അറിയിച്ചിട്ടുണ്ട്. എൽ.ബി.എസ്-ലെ മിനിസ്റ്റീരിയൽ ജീവനക്കാർക്ക് അനുവദിച്ചിട്ടുള്ള അടിസ്ഥാന ശമ്പളം സർക്കാർ വകുപ്പുകൾക്ക് സമാനമാണ്.

(ഡി) എൽ.ബി.എസ്. എഞ്ചിനീയറിംഗ് കോളേജിലെ സാങ്കേതിക വിഭാഗം ജീവനക്കാർക്കുവേണ്ടി പ്രത്യേകം സ്പെഷ്യൽ റൂൾസ് തയ്യാറാക്കി നടപ്പിൽ വരുത്തിയിട്ടില്ല. എന്നാൽ സാങ്കേതിക വിദ്യാഭ്യാസ വകുപ്പിലെ ജീവനക്കാർക്കുള്ള സ്പെഷ്യൽ റൂൾസ് ആണ് നിലവിൽ നടപ്പിലാക്കി വരുന്നത്.

കൊരട്ടി ഗവണ്മെന്റ് പോളിടെക്നിക് കോളേജ് വികസനം

100 (5175) <u>ശ്രീ. ബി. ഡി. ദേവസ്സി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊരട്ടി ഗവ. പോളിടെക്നിക് കോളേജിൽ പുതിയ കോഴ്സുകൾ അനുവദിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടെന്നു വ്യക്തമാക്കാമോ ;

(ബി) ഏതെല്ലാം കോഴ്സുകൾക്കാണ് അനുമതി നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുള്ളതെന്നു വ്യക്തമാക്കാമോ ;

(സി) പ്രസ്തുത കോളേജിൽ ഈവനിംഗ് കോഴ്സുകൾ അനുവദിച്ച സാഹചര്യത്തിൽ അദ്ധ്യാപകർക്കും ജീവനക്കാർക്കുമുള്ള ക്വാർട്ടേഴ്സ് അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ&ബി) AICTE-യുടെ നിബന്ധന അനുസരിച്ച് NBA അക്രഡിറ്റേഷനുള്ള സ്ഥാപനങ്ങൾക്ക് മാത്രമേ പുതിയ കോഴ്സുകൾക്ക് അപേക്ഷ സമർപ്പിക്കാനാവൂ. കൊരട്ടി ഗവണ്മെന്റ് പോളിടെക്നിക് കോളേജിന് NBA അക്രഡിറ്റേഷൻ ഇല്ലാത്തതിനാൽ AICTE ക്ക് അപേക്ഷ സമർപ്പിക്കാൻ സാധിച്ചിട്ടില്ല.

(സി) സ്റ്റാഫ് ക്വാർട്ടേഴ്സ് പണിയുന്നതിനുള്ള നിർദ്ദേശങ്ങളൊന്നും ഇപ്പോൾ പരിഗണനയിലില്ല.

LIBRARY ARCHIVES Kerala Legislative Assembly